# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2137

07-07-2015-ൽ മറുപടിക്ക്

## യെസ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) YES (Young Entrepreneurs Summit) പദ്ധതി പ്രകാരം വ്യവസായ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദവിവരം നൽകുമോ ; | (എ) | കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, അല്ലാതെയും ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിൽ എത്ര കോടിയുടെ നിക്ഷേപം വന്നിട്ടുണ്ട് ; വിശദവിവരം നൽകുമോ ? | (ബി) | യങ് എന്റർപ്രണർ സമ്മിറ്റ് ഒരു നിക്ഷേപ സമാഹരണ പദ്ധതിയായിരുന്നില്ല. യെസ് - നെ തുടർന്ന് സംസ്ഥാനത്തുടനീളമുള്ള യുവ സംരംഭകർ നൂതന ആശയങ്ങളുമായി കെ.എസ്.ഐ.ഡി.സി.യെ സമീപിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ